# പതിമൂന്നാം കേരള നിയമ സഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6666 — 09 – 07 – 2014 - ൽ മറുപടിക്ക്.

### മലപ്പുറം ജില്ലയിലെ അക്ഷയ കേന്ദ്രങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>( വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ എത്ര അക്ഷയ കേന്ദ്രങ്ങളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ; | (എ) | മലപ്പുറം ജില്ലയിൽ 191 അക്ഷയ കേന്ദ്രങ്ങൾ നിലവിലുണ്ട്. |
| (ബി) | പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | മലപ്പുറം ജില്ലയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ട്. മറ്റു ജില്ലകളിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ തുടർന്നു വരുന്നു. |
| (സി) | ഇവ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും മുൻഗണനകളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (സി) | പഞ്ചായത്തിൽ പരമാവധി 2 അക്ഷയ കേന്ദ്രങ്ങളും, മുനിസിപ്പാലിറ്റിയിൽ പരമാവധി 6 അക്ഷയ കേന്ദ്രങ്ങളും, കോർപ്പറേഷനുകളിൽ 8-10-ഉം വീതമെന്ന കണക്കിലാണ് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. എന്നാൽ മലപ്പുറം ജില്ലയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ച അവസരത്തിൽ ഗ്രാമ പഞ്ചായത്തിൽ 4 അക്ഷയ കേന്ദ്രങ്ങൾ വരെ അനുവദിച്ചിട്ടുണ്ട്. ഭൂവിസ്തൃതിയുടെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിൽ ബന്ധപ്പെട്ട പഞ്ചായത്തിന്റെയും അക്ഷയ ഡയറക്ടറുടെയും ശുപാർശയുടെ അടിസ്ഥാനത്തിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കാറുണ്ട്. |

| | |
|---|---|
| (ഡി) മലപ്പുറം ജില്ലയിൽ എത്ര അക്ഷയ കംപ്യൂട്ടർ സാക്ഷരതാ പദ്ധതി നടപ്പാക്കിയ കാലത്ത് (2002-2004) സംരംഭകരായിരുന്നവർക്കും പദ്ധതി നിർത്തലാക്കിയപ്പോൾ കേന്ദ്രങ്ങൾ തുടരാനാവാതെ നിർത്തിയവർക്കും പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുമ്പോൾ മുൻഗണന നൽകുമോയെന്ന് വിശദമാക്കാമോ? | (ഡി) അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് മുൻഗണന ക്രമം നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ